**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 290** **02.03.2020 – ൽ മറുപടിക്ക്.**

## റേഷൻ കടകൾ വഴി പലവ്യഞ്ജനങ്ങൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സജി ചെറിയാൻ :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റേഷൻ കടകളെ കൂടുതൽ ജനോപകാരപ്രദമാക്കുന്നതിന് പലവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നത് പരിഗണനയിലുണ്ടോ; | **(എ) യും (ബി) യും** | റേഷൻ കടകളുടെ വൈവിധ്യവത്ക്കരണത്തിന്റെ ഭാഗമായി പൊതു ജനങ്ങൾക്ക് ഉപകാരപ്രദവും വ്യാപാരികളുടെ സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനും അധിക വരുമാനം ലഭ്യമാക്കുന്നതിനുമായി റേഷൻ ഇതര സാധനങ്ങൾ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യ പടിയായി കുപ്പിവെള്ളം, സപ്ലൈകോ ശബരി ഉൽപന്നങ്ങൾ എന്നിവയുടെ വിതരണം കോഴിക്കോട് ജില്ല ഒഴികെയുള്ള ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും ശബരി ഉൽപ്പന്നങ്ങളായ തേയില, വെളിച്ചെണ്ണ, ഉപ്പ്, കറി പൗഡറുകൾ, കായം, സോപ്പ്, അപ്പപ്പൊടി എന്നിവ വിതരണം നടത്തി വരുന്നു. |
| **(ബി)** എങ്കിൽ ഇതിനുള്ള നടപടികൾ ഏതുഘട്ടംവരെയായി എന്നറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**